വിദേശരാജ്യങ്ങളിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾ

2 (*359) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് സംസ്ഥാനത്ത് അംഗീകൃത ലൈസൻസ് ഉള്ള ഏജൻസികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) അംഗീകൃത ലൈസൻസ് ഇല്ലാത്ത റിക്രൂട്ടിംഗ് ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

(സി) എങ്കിൽ അംഗീകൃത ലൈസൻസ് ഇല്ലാത്ത ഏജൻസികളുടെ പ്രവർത്തനം നിർത്തലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) അംഗീകൃത ലൈസൻസില്ലാത്ത റിക്രൂട്ടിംഗ് ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തി വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുന്ന സ്ത്രീകൾ കൊടിയ ചൂഷണത്തിനും പീഡനത്തിനും ഇരയാകുന്നത് ശ്രദ്ധയിൽ പെട്ടുവോ ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമ്മിഗ്രെന്റ്സിൽ നിന്നും 1997 മാർച്ചിൽ ലഭിച്ച കണക്കനുസരിച്ച് 175 അംഗീകൃത ഏജൻസികളുണ്ട്. ഇതു കൂടാതെ സർക്കാർ സ്ഥാപനമായ ഒ.ഡി.ഇ.പി.സി. ക്കും വിദേശ രാജ്യങ്ങളിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാൻ ലൈസൻസ് ഉണ്ട്. അംഗീകൃത ഏജൻസികളുടെ ലിസ്റ്റ് അനുബന്ധം I† ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്.

(ബി) അംഗീകാരമില്ലാത്ത ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തുന്നതായ പരാതികൾ സർക്കാരിന്റെ പ്രവാസി കേരളീയ കാര്യവകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(സി & ഡി) ഇത്തരം ഏജൻസികൾക്കെതിരായി നടപടിയെടുക്കാൻ പ്രവാസി കേരളീയ കാര്യവകുപ്പ് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗീകൃത ഏജൻസികളുടെ പട്ടിക പൊതുജനങ്ങളുടെ അറിവിലേക്കായി ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കും ഈ ലിസ്റ്റ്

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിനായി ഒരു ഉന്നതതല ഉദ്യോഗസ്ഥ സമിതിയും അനധികൃത റിക്രൂട്ട്മെന്റിനെപ്പറ്റി ബോധവത്കരണം നടത്തുന്നതിനായി ഒരു സംസ്ഥാനതല ബോധവത്കരണ കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വ്യാജ റിക്രൂട്ട്മെന്റിനെതിരായി ജാഗ്രത പുലർത്താൻ വിവിധ വാർത്താ മാദ്ധ്യമങ്ങൾവഴി പ്രചാരം നൽകിവരുന്നുണ്ട്. അതുപോലെ ഇത് സംബന്ധിച്ച് ലഭിച്ചുവരുന്ന പരാതികളിൽ ഉചിത നടപടി സ്വീകരിക്കാൻ പോലീസിന് അപ്പപ്പോൾ പ്രവാസി കേരളീയ കാര്യവകുപ്പ് നിർദ്ദേശം നൽകുന്നുണ്ട്.

(ഇ) വിദേശ രാജ്യങ്ങളിൽ വീട്ടു ജോലിക്കായി പോകുന്ന സ്ത്രീകൾ പീഡനം നേരിടുന്നതായി ഏതാനും പരാതികൾ പ്രവാസി കേരളീയ കാര്യവകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇവരുടെ കാര്യം ബന്ധപ്പെട്ട എംബസികളുടെയും എമിഗ്രേഷൻ ഓഫീസുകളുടെയും ശ്രദ്ധയിൽപ്പെടുത്തി പ്രവാസി കേരളീയ കാര്യവകുപ്പ് പരിഹാരം കണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, വിദേശത്തേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന സർക്കാർ ഏജൻസിയാണ് ഒ.ഡി.ഇ.പി.സി. ഇത് നൂറിന് താഴെ ആളുകളെയാണ് കഴിഞ്ഞ കുറെ വർഷങ്ങളായി വിദേശത്തേയ്ക്ക് അയച്ചത്. 1998-ലെ ഇക്കണോമിക് റെവ്യൂവിൽ 60 ആളുകളെ വിട്ടതായിട്ടാണ് കണക്ക്. പ്രതിവർഷം 60 ലക്ഷം രൂപയാണ് ഈ ഏജൻസിയുടെ ചെലവ്. സർ, ആയിരക്കണക്കിന് ആളുകളെ സ്വകാര്യ ഏജൻസികൾ വിടുന്നതുപോലെ ഒരു നിശ്ചിതശതമാനം ആളുകളെ ഒഡാപെക് വിദേശത്തേക്ക് അയയ്ക്കണമെന്ന് നിഷ്കർഷിക്കാനും അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാനും കഴിയുമോ, അങ്ങനെ ചെയ്തില്ലെങ്കിൽ ഈ ഒഡാപെക് പിരിച്ചുവിടാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, വിദേശരാജ്യങ്ങളിലെ എംബസിയുമായി ബന്ധപ്പെടാനും വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ ആളുകളെ കയറ്റി അയയ്ക്കുന്നതിനുമുള്ള നിർദ്ദേശം ഒ. ഡി.. ഇ. പി. സി. ക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം : സർ, റിക്രൂട്ടിംഗ് ഏജൻസികളുടെ അംഗീകൃത ലിസ്റ്റ് ഇവിടെ കൊടുത്തിട്ടുണ്ട്. ഇതിനുള്ളിൽ അംഗീകൃത ഏജൻസികൾ മാത്രമല്ല, ധാരാളം വ്യക്തികളും റിക്രൂട്ട് ചെയ്തിട്ടുണ്ട്. ഉദാഹരണമായി പത്തനംതിട്ട ജില്ലയിൽ നിരവധി ആളുകളുടെ പക്കൽനിന്നും പണം വാങ്ങി കബളിപ്പിക്കുന്ന ഒരു ഏജൻസിയുണ്ട്. വിവരം ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം ഏജൻസികളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ; മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇത് ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലല്ല, പ്രവാസി വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. ഈ ചോദ്യംതന്നെ ലേബർ മന്ത്രിക്ക് അയച്ചു എന്നുള്ളതുകൊണ്ട് ഉത്തരങ്ങളെല്ലാം പ്രവാസി ഡിപ്പാർട്ടുമെന്റിൽ നിന്നാണ് കളക്ട് ചെയ്യുകയാണ് ചെയ്തത്.

ശ്രീ. എം. വി. ജയരാജൻ : സർ, വിദേശരാജ്യങ്ങളിലേക്കുള്ള തൊഴിലാളികളുടെ റിക്രൂട്ട്മെന്റിലും മറ്റും അംഗീകൃത ലൈസൻസുള്ള ഏജന്റുമാർപോലും വ്യാപകമായ രീതിയിൽ തൊഴിൽരഹിതരെ ചൂഷണം ചെയ്യുകയാണ്. ഇതു സംബന്ധിച്ച് വിശദമായിട്ടുള്ള പഠനം നടത്തി നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിൽ ചില ശുപാർശകൾ സമർപ്പിച്ചിരുന്നു. ആ ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ, ആ ശുപാർശകളുടെ അടിസ്ഥാനത്തിൽ സമഗ്രമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഉദ്യോഗാർത്ഥികൾക്ക് ചൂഷകരായ ഏജന്റുമാർ മുഖേന വഞ്ചിതരാകാതെ വിദേശത്ത് തൊഴിൽ നേടി കൊടുക്കുക എന്ന അടിസ്ഥാനത്തിൽ വിദേശ തൊഴിൽ ദാതാവിന്റെ ഡിമാന്റ് ലെറ്റർ, പവർ ഓഫ് അറ്റോർണി, മാതൃക, തൊഴിൽ കരാർ എന്നിവ അതാത് രാജ്യത്തെ ഇൻഡ്യൻ എമ്പസിയെക്കൊണ്ട് സാക്ഷ്യപ്പെടുത്താറുണ്ട്. കമ്പനിയുടെ തുടക്കം മുതൽ ഇതുവരെ 3834 ആൾക്കാരെ വിദേശത്ത് തൊഴിലിന് അയച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കമ്മിറ്റിയെ നിയമിച്ച് വിശദമായ പഠനം നടത്തേണ്ടത് പ്രവാസി വകുപ്പാണ്.

ശ്രീ. എം. വി. ജയരാജൻ : ഇതിനകത്ത് വിവിധ സംസ്ഥാനങ്ങളും അതു പോലെതന്നെ കേന്ദ്ര ഗവൺമെന്റും, കേന്ദ്രഗവൺമെന്റിന്റെ തന്നെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. വിവിധ സംസ്ഥാന ഗവൺമെന്റുകൾ, തൊഴിൽവകുപ്പ്, പോലീസ് വകുപ്പ്, കേന്ദ്ര തൊഴിൽ വകുപ്പ്, പ്രൊഡക്ഷൻ ഓഫ് എമിഗ്രേഷൻസ് കേന്ദ്രസംസ്ഥാന വനിതാ കമ്മിഷനുകൾ ഇതെല്ലാം കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു ദേശീയസമിതിക്ക് ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയും. ഈ പ്രശ്നങ്ങളെല്ലാം ഉന്നയിച്ചുകൊണ്ട് അത്തരത്തിൽ ഒരു ദേശീയ സമിതി രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടേണ്ടത് പ്രവാസി കേരളീയകാര്യ വകുപ്പിനോടാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം ആ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ശ്രീ. എളമരം കരീം : സർ, സംസ്ഥാന ഗവൺമെന്റിന്റെ ഏജൻസിയായ ODEPC ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിനെ സംബന്ധിച്ച് ഒരു ചർച്ച നടത്തിയതായി പത്രവാർത്തയുണ്ടായിരുന്നു. ഇൻഡ്യയിലെ നൈജീരിയൻ ഹൈകമ്മീഷണർ ODEPC, മുഖ്യമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരുമായി ചർച്ചചെയ്തു എന്നാണ് പത്ര വാർത്തകൾ സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : നൈജീരിയൻ എംബസിയിലെ അംബാസിഡർ ഇവിടെ വന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ലേബർ സെക്രട്ടറി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരുമായി ചർച്ച നടത്തിയിരുന്നു. ഒട്ടേറെ ആളുകളെ അങ്ങോട്ട് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ചുള്ള ചർച്ചയായിരുന്നു. അതായത് കശുവണ്ടി വ്യവസായ രംഗത്തും റബ്ബർ വ്യവസായ രംഗത്തും അവിടത്തെ ആളുകളെ പ്രാക്ടീസ് ചെയ്യിപ്പിക്കുന്നതിന് ഒക്കെയുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യപ്പെട്ടത്. അതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എഴുതി അയയ്ക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. എളമരം കരീം : സർ, ഈ ODEPC യ്ക്ക് ലേബർ സെക്രട്ടറി ചെയർമാനും ലേബർ കമ്മീഷണർ മാനേജിംഗ് ഡയറക്ടറുമായിട്ടുള്ള ഗവൺമെന്റിന്റെ ഏജൻസിയാണ്. ഈ ഏജൻസി വിദേശ തൊഴിലാളികളുടെ റിക്രൂട്ട്മെന്റ് രംഗത്ത് വളരെ ചെറിയ ഒരു കൃത്യം മാത്രമാണ് നിർവഹിക്കുന്നത് എന്നാണ് അതിന്റെ പെർഫോർമൻസിൽനിന്ന് മനസിലാക്കുന്നത്. അതുകൊണ്ട് അതൊന്ന് റിവ്യൂ ചെയ്ത് അത് നിലനിർത്തണമോ വേണ്ടയോ എന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായിട്ട് ആലോചിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, റിവ്യൂ ചെയ്തിട്ട് അത് നില നിർത്താനും കുറേക്കൂടി വിപുലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കേരളത്തിൽനിന്ന് അംഗീകൃത ഏജൻസികൾ വിദേശത്തേക്ക് കൊണ്ടുപോകുന്ന തൊഴിലാളികൾക്ക് പറഞ്ഞുറപ്പിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാതെ അവർ ചൂഷണം ചെയ്യപ്പെടുന്നു ; കുറഞ്ഞ കൂലിയും മറ്റ് ആനുകൂല്യങ്ങളുമാണ് ജോലിസ്ഥലങ്ങളിൽ അവർക്ക് ലഭിക്കുന്നത്. ഇത്തരത്തിൽ വഞ്ചനാപരമായ സമീപനം സ്വീകരിച്ച് തൊഴിലാളികളെ ഇവിടെ നിന്നും കൊണ്ടുപോകുന്ന ഏജൻസികളുടെ അംഗീകാരം റദ്ദ് ചെയ്യാനും അവരെ ബ്ലാക്ക്‌ലിസ്റ്റിൽപ്പെടുത്താനും നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : വിദേശ കേരളീയരുടെ ക്ഷേമ പ്രവർത്തനത്തിനായി രൂപീകരിച്ചതാണ് ഈ കേരളാപ്രവാസികാര്യവകുപ്പ്. മേൽപ്പടി വകുപ്പിൽനിന്ന്, അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസ് വകുപ്പിന് നിർദ്ദേശം നൽകാൻ പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ കിഴിലുള്ള തൊഴിൽവകുപ്പിൽ നിന്നുമാണ് വിദേശ രാജ്യങ്ങളിലേയ്ക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ഏജൻസികളുടെ ബ്രാഞ്ചുകളെന്ന പേരിൽ അംഗീകാരമില്ലാത്ത മറ്റ് നിരവധി റിക്രൂട്ടിംഗ് ഏജൻസികളും, വ്യക്തികളും പ്രവർത്തിക്കുന്നുണ്ട്. ഇവരൊക്കെ കേരളത്തിലെ തൊഴിലില്ലായ്മ ചൂഷണം ചെയ്യുകയാണ്. അവരുടെ പക്കൽ പാസ്പോർട്ടും മറ്റും ഏൽപ്പിച്ചു കഴിഞ്ഞാൽ വിദേശത്തേക്ക് കൊണ്ടു പോകാതെ മാസങ്ങളും വർഷങ്ങളും ഈ പാസ്പോർട്ട് കൈവശം വച്ച് ഈ തൊഴിൽ അന്വേഷകരെ പീഡിപ്പിക്കുന്ന സംഭവങ്ങൾ ഒട്ടേറെയുണ്ട്. ഇതിന് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇതുപോലുള്ള ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അത് അപ്പപ്പോൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയല്ലാതെ വേറെ വഴിയൊന്നുമില്ല.

ശ്രീ. സി. മൊയിൻകുട്ടി : സർ, വ്യാജ റിക്രൂട്ടിംഗ് ഏജൻസി നമ്മുടെ സംസ്ഥാനത്ത് സാർവത്രികമായി വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു. ഇവർക്ക് നല്ല വേരുകളും ഉണ്ട്, ഇവർക്ക് രാഷ്ട്രീയമായ സ്വാധീനങ്ങളും സമ്മർദ്ദങ്ങളുമൊക്കെ ധാരാളമുണ്ട്. വിദേശത്തുള്ള പ്രവാസി സംഘടനകൾ യഥാസമയം ഇത്തരം കാര്യങ്ങളുടെ വേരുകൾ കണ്ടെത്തുകയും ആവശ്യമായ നിർദ്ദേശം സംസ്ഥാന സർക്കാർ നൽകുകയും ചെയ്യുന്നുണ്ട് എന്നാണ് അറിയാൻ സാധിക്കുന്നത്. പക്ഷേ അവരെ വേണ്ടതുപോലെ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെടുകയാണ്. ആ കാര്യത്തിൽ ക്രിയാത്മകമായ ഒരു താൽപ്പര്യം കാണിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം ഗൗരവമായി കൈകാര്യം ചെയ്യണമെന്ന് പ്രവാസി വകുപ്പിനോട് ആവശ്യപ്പെടാം.

ശ്രീ. ടി. കെ. ബാലൻ : സർ, റിക്രൂട്ടിംഗ് ഏജൻസികൾ തൊഴിൽദായകരിൽ നിന്ന് വസൂലാക്കാവുന്ന ഫീസിനെ സംബന്ധിച്ച് സർക്കാർതന്നെ നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നത് ഫലപ്രദമാകും. കാരണം അവരുടെ ചൂഷണം വളരെയധികമാകുകയാണ്. ജോലി കൊടുക്കുകയില്ല എന്നു മാത്രമല്ല ഒറിജിനൽ സർട്ടിഫിക്കറ്റ് ഈ ഏജൻസി കൈക്കലാക്കിയാൽ പിന്നെ ആ സർട്ടിഫിക്കറ്റ് തിരികെ കൊടുക്കാൻ തന്നെ വലിയ തുക ആവശ്യപ്പെടുന്ന ഒരു സ്ഥിതിയുണ്ട്.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇതിന്റെ നിയന്ത്രണം ലേബർ വകുപ്പിന്റെ കീഴിലല്ല. ഇത് പ്രവാസീ കേരള ഡിപ്പാർട്ടുമെന്റാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വിദേശത്ത് മലയാളി നഴ്സുമാരുടെ വിദഗ്ദ്ധ സേവനത്തിന് നല്ല ഡിമാന്റാണ്. അതുകൊണ്ടുതന്നെ മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകളും കിട്ടാറുണ്ട് എന്നാണ് കേൾവി. പക്ഷേ ഈ സാഹചര്യം മുതലെടുത്തുകൊണ്ട് വിദേശങ്ങളിലേക്ക് നമ്മുടെ നഴ്സുമാരെ കടത്തികൊണ്ടുപോയി അവിടത്തെ ആശുപത്രികളിൽ എയ്ഡ്സ് രോഗികളെ ചികിൽസിക്കുന്നതിന് വേണ്ടി നിർബന്ധപൂർവം നിയോഗിക്കാറുണ്ട് എന്ന വസ്തുത കേരളസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് വേണ്ട രീതിയിൽ അന്വേഷിച്ച് ആ വക കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : വേണ്ട രീതിയിൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പ്രകാശ് ബാബു : ചോദ്യമെല്ലാം ലൈസൻസ് ഉള്ളതും ലൈസൻസ് ഇല്ലാത്തതുമായ റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ചുള്ളതാണ്. ചോദ്യം അങ്ങനെയാണ് വന്നിട്ടുള്ളത്. ജലസേചന വകുപ്പുമന്ത്രി തന്നെ അതിന് മറുപടി പറയേണ്ടതായിട്ടും വന്നിട്ടുണ്ട്. എനിക്ക് ചോദിക്കാനുള്ളത്, 'ഒഡേപെക്' ഉൾപ്പെടെ 175 ലൈസൻസുള്ള റിക്രൂട്ടിംഗ് ഏജൻസികളുണ്ടെന്ന് ബഹുമാനപ്പെട്ട

മന്ത്രി ചോദ്യത്തിന് ഉത്തരമായിട്ട് വ്യക്തമാക്കിയിട്ടുണ്ട്. ആ ലൈസൻസുള്ള അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ച് ജില്ല തിരിച്ച് പത്രങ്ങളിൽ പരസ്യം ചെയ്യാൻ അറിയിപ്പ് കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ; ഇപ്പോൾ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ഇത് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അതൊക്കെ നമ്മുടെ നാട്ടിലെ കൂടുതൽ ആളുകൾക്ക് അറിയാൻ കഴിയുന്നതല്ല. അതുകൊണ്ട് എല്ലാ പത്രങ്ങളിലും ജില്ല തിരിച്ചും അംഗീകൃത ലൈസൻസുള്ള ഏജൻസികളെ സംബന്ധിച്ച് ഒരു അറിയിപ്പ് കൊടുത്താൽ അത് സഹായകരമായിരിക്കും. അതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അനധികൃതമായ വിദേശ റിക്രൂട്ട്മെന്റ് തടയുന്നതിന് പ്രവാസി ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ തന്നെ പൊതുജനങ്ങളെ അതിന്റെ വിവരങ്ങൾ കാലാകാലങ്ങളിൽ അറിയിക്കുന്നതിനും അനധികൃത വിദേശ റിക്രൂട്ട്മെന്റുകളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുമായി ഒരു സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ട്.

തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം

3 (T *360) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചുവോ ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ തൊഴിൽ സാധ്യതകൾ സംബന്ധിച്ചുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സമിതി ഗവൺമെന്റ് വകുപ്പ് തലവൻമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(എഫ്) വിദഗ്ദ്ധ സമിതിയുടെ നിഗമനങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ജി) സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഇപ്രകാരം ഒരു പഠനം നടത്താനുള്ള ഉദ്ദേശം ഇപ്പോൾ തൊഴിൽ വകുപ്പിന് ഇല്ല. എന്നാൽ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ ഇത്തരമൊരു പഠനം നടത്താൻ ഉദ്ദേശമുണ്ട്.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly